# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 139 — 28.01.2019-ൽ മറുപടിക്ക്

## അക്രമം തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വിശ്വാസത്തിന്റെയും ആചാരത്തിന്റെയും പേരിൽ ആളുകളെ സംഘടിപ്പിച്ച് അധികാരം പിടിച്ചെടുക്കാൻ ഗോൾഡൻ ഓപ്പർച്ച്യൂണിറ്റി വന്നതായ ചില നേതാക്കളുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിന്റെ അടിസ്ഥാനത്തിൽ ചില അമ്പലങ്ങളും അനുബന്ധ പ്രദേശങ്ങളും കേന്ദ്രീകരിച്ച് സംഘ പരിവാർ സംഘടനകൾ അക്രമം അഴിച്ച് വിടുന്നത് തടയാൻ സർക്കാർ എന്തെല്ലാം നടപടികളെടുത്തുവെന്ന് അറിയിക്കാമോ; | (ബി) അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ മുഖം നോക്കാതെ കർശന നടപടി സ്വീകരിച്ചും, അക്രമം ഉണ്ടാകാനുള്ള സാധ്യത മുൻകൂട്ടിക്കണ്ട് സുരക്ഷ ഏർപ്പെടുത്തിയും, അക്രമ പ്രവർത്തനങ്ങൾ തടയാൻ പോലീസ് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) സ്വകാര്യ/പൊതുമുതൽ യഥേഷ്ടം നശിപ്പിക്കുന്ന നടപടി വർദ്ധിച്ച് വരുന്നത് തടയുന്നതിലും ശിക്ഷ ഉറപ്പാക്കുന്നതിലും പോലീസ് കാണിക്കുന്ന അനാസ്ഥ അതീവ ഗൗരവമായി കണ്ട് അന്വേഷണ വിധേയമാക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) പോലീസിന്റെ ഭാഗത്ത് അനാസ്ഥയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഹർത്താലിന്റെ ഭാഗമായി നടന്ന അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസ്സുകളിൽ ശരിയായ അന്വേഷണം ഉറപ്പുവരുത്തുന്നതിനും, പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും പൊതുമുതലിനും സ്വകാര്യ സ്വത്തിനും |

ഉണ്ടായ നാശനഷ്ടങ്ങൾക്ക്
ആവശ്യമായ നഷ്ട പരിഹാരം
ഉത്തരവാദികളായ പ്രതികളിൽ നിന്നും
ഈടാക്കുന്നതിനാവശ്യമായ
നടപടികൾ സ്വീകരിക്കുന്നതിനും
സംസ്ഥാന പോലീസ് മേധാവി
ബന്ധപ്പെട്ട എല്ലാ പോലീസ്
ഉദ്യോഗസ്ഥർക്കും നിർദ്ദേശം
നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**